**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6552** **20-03-2023 - ൽ മറുപടിയ്ക്ക്**

**കേരള സംസ്ഥാന തീരവികസന കോർപ്പറേഷന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. റോജി എം. ജോൺ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരള സംസ്ഥാന തീരവികസന കോർപ്പറേഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ പ്രവർത്തനം തൃപ്തികരമാണോ എന്ന് വ്യക്തമാക്കാമോ; അല്ലെങ്കിൽ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (എ) | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ പ്രവർത്തനം വിലയിരുത്തി വരുന്നുണ്ട്. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ നിലവിൽ മത്സ്യമേഖലയിലെ പശ്ചാത്തല വികസന പദ്ധതികളാണ് മുഖ്യമായും ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നത്. കോർപ്പറേഷന്റെ പ്രാപ്തിയും നിർമ്മാണ പ്രവർത്തനങ്ങളിലുള്ള സാങ്കേതിക വൈദഗ്ധ്യവും പ്രായോഗിക നിപുണതയും കണക്കിലെടുത്ത് സംസ്ഥാനത്ത് നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള തീരസംരക്ഷണ പ്രവൃത്തി, തീരദേശ ഹൈവേ നിർമ്മാണം/ടിഎസ് കനാൽ നിർമ്മാണം, പുനരധിവാസ പാക്കേജ് എന്നിവ നടപ്പാക്കുന്നതിന് നിലവിൽ സർക്കാർ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ വിവിധ ജില്ലകളിലെ പശ്ചാത്തല വികസന പദ്ധതികളുടെ പ്രോജക്ട് മോണിറ്ററിംഗ് കൺസൾട്ടൻസി (PMC) ആയി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ അംഗീകരിക്കുന്നതിനുള്ള ശുപാർശ പരിഗണിച്ച് വരുന്നു. |
| (ബി) | പ്രസ്തുത കോർപ്പറേഷൻ ഏതൊക്കെ മേഖലയിലാണ് പ്രവർത്തനം കാഴ്ചവെയ്ക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) | സംസ്ഥാനത്ത് മത്സ്യമേഖലയിലും തീരദേശമേഖലയിലും പശ്ചാത്തല സൗകര്യ വികസനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന മത്സ്യബന്ധന തുറമുഖങ്ങൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ, ആധുനിക മത്സ്യമാർക്കറ്റുകൾ, ഭവന സമുച്ചയങ്ങളുടെ നിർമ്മാണം, വിദ്യാഭ്യാസ-ആരോഗ്യ അടിസ്ഥാന |

| | | | |
|---|---|---|---|
| | | | സൗകര്യ വികസന പദ്ധതികൾ, തീരദേശ സംരക്ഷണം ഉറപ്പ് വരുത്തുന്നതിനായി ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് കൊണ്ടുള്ള പരിസ്ഥിതി സൗഹൃദ പദ്ധതികൾ, മത്സ്യ ഫാമുകൾ, ഹാച്ചറികൾ എന്നിവയുടെ നിർമ്മാണം എന്നിങ്ങനെ വിവിധങ്ങളായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ